LIBRARY ARCHIVES Kerala Legislative Assembly

4.	മഞ്ചേശ്വരം	13
5.	അദ്ദൂർ	44
6.	ബദിയടുക്ക	16
7.	ബേഡകം	5
8.	ഹോസ്ദുർഗ്ഗ്	139
9.	ബേക്കൽ	148
10.	അമ്പലത്തറ	8
11.	വെള്ളരിക്കുണ്ട്	7
12.	ചിറ്റാരിക്കൽ	17
13.	രാജപുരം	2
14.	നീലേശ്വരം	42
15.	ചീമേനി	17
16.	ചന്തേര	96
17.	റെയിൽവേ പി.എസ്. കാസർഗോഡ്	1
	ആകെ	700

പട്ടികജാതി വിഭാഗങ്ങൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ

228 (232) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാനുള്ള സംസ്ഥാന ജില്ലാ മോണിറ്ററിംഗ് സംവിധാനത്തിൽ വേണ്ട രീതിയിൽ പ്രവർത്തിക്കാത്തതിനാൽ പ്രസ്തുത വിഭാഗങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മോണിറ്ററിംഗ് സംവിധാനം വേണ്ട രീതിയിൽ പ്രവർത്തിയ്ക്കാത്തതുമൂലം പോലീസ് അന്വേഷണം അട്ടിമറിയ്ക്കപ്പെടുകയും പ്രതികൾ ശിക്ഷിയ്ക്കപ്പെടാതിരിയ്ക്കുയും ചെയ്യുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) പട്ടികജാതി വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് നീതി ലഭിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. മോണിറ്ററിംഗ് സംവിധാനം വേണ്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പോലീസ് അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുകയോ പ്രതികൾ ശിക്ഷിക്കപ്പെടാതിരിക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പട്ടികജാതി വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി കർശന നടപടികളാണ് പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നത്. അതിക്രമങ്ങൾ ഉണ്ടായാലുടൻതന്നെ പ്രതികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിലവിലുള്ള വ്യവസ്ഥ പ്രകാരം അന്വേഷണം നടത്തി കുറ്റക്കാർക്ക് ശിക്ഷ ലഭിക്കാൻ തക്ക നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണം

229 (233) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ആക്രമിക്കപ്പെട്ട എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ സമുദായക്കാർ ആക്രമിക്കപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്ന കേസ്സുകളിൽ നിയമാനുസരണം കാലതാമസം ഒഴിവാക്കി നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കി നടപടികൾ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly